(ബി) എങ്കിൽ ഈ പദ്ധതിയുടെ നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് ഇനി പൂർത്തിയാക്കുവാനുള്ള നടപടി ക്രമങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്ന് ഈ പദ്ധതിയുടെ നിർമ്മാണ ജോലികൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏറ്റുമാനൂരും സമീപത്തുമുള്ള ഒൻപത് വില്ലേജുകളിലേയും ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന കുടിവെള്ളക്ഷാമം പരിഗണിച്ച് ഈ പദ്ധതിയുടെ നിർമ്മാണ ജോലികൾ 31-3-2000-നു മുൻപ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ പ്രോജക്ടിൽ അനിവാര്യമായ ചില സാങ്കേതിക വ്യതിയാനങ്ങൾ ആവശ്യമായി വന്നു. ഇതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. ആയതിനുള്ള സാങ്കേതികാനുമതി ഉടനെ നൽകും. തുടർന്ന് പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിത്തരുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളോട് ആവശ്യപ്പെടുന്നതും, സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ കിണർ ഒഴിച്ച് ബാക്കി എല്ലാ ഘടകങ്ങളും ഇ.പി.സി. എം.(എഞ്ചിനീയറിംഗ്, പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ്) എന്ന നൂതന കോൺട്രാക്ട് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്യാനുള്ള നടപടികൾ എടുക്കുന്നതാണ്. സ്ഥലം ലഭ്യമാക്കിക്കഴിഞ്ഞാൽ മൂന്നു മാസത്തിനുള്ളിൽ ടെണ്ടർ നടപടിക്രമം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി-ഡി) പഞ്ചായത്തിൽ നിന്നും യഥാസമയം സ്ഥലം ലഭ്യമായാൽ 9-2000-ൽ നിർമ്മാണ ജോലികൾ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

35 (944) പിറവത്തെ ശുദ്ധജലവിതരണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-96 കാലഘട്ടത്തിൽ പിറവം നിയോജകമണ്ഡലത്തിൽ കമ്മീഷൻ ചെയ്ത ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാം;

(ബി) ഈ കാലഘട്ടത്തിൽ ആരംഭിച്ച പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാം;

(സി) ഈ പദ്ധതികൾ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാകും;

(ഡി) 1991-96ൽ ആരംഭിക്കുവാൻ അനുവാദം നൽകിയ പദ്ധതികൾക്ക് ഓരോന്നിനും എന്തുതുക ചെലവാകും എന്നാണ് കണക്കാക്കിയിരുന്നത്;

(ഇ) പണികൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ കൂടി പൂർത്തിയാകുമ്പോൾ പിറവം നിയോജക മണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാൻ കഴിയുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പുതിയ ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1991-96 കാലഘട്ടത്തിൽ പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട രാമമംഗലം, മേമുറി (ഭാഗീകം) ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, തിരുമാറാടിയും സമീപ വില്ലേജുകൾക്കുമായുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, മണിട്ട്-മുളന്തുരുത്തി ത്വരിത ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി എന്നിങ്ങനെ മൂന്നു പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) പിറവം ശുദ്ധജല വിപുലീകരണ പദ്ധതി. ആംപല്ലൂരും സമീപ വില്ലേജുകൾക്കുമായുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി; തിരുമാറാടിയും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിപുലീകരണ പദ്ധതി എന്നിവയാണ് ഈ കാലഘട്ടത്തിൽ ആരംഭിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾ.

(സി) പിറവം ജലവിതരണ വിപുലീകരണ പദ്ധതി 3/2000ത്തിലും, ആംപല്ലൂരും സമീപ വില്ലേജുകളിലേയ്ക്കുമുള്ള പദ്ധതി 12/2000 ലും തിരുമാറാടി ജലവിപുലീകരണ പദ്ധതി 12/2000 ലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ഡി) (1) പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി-497 ലക്ഷം രൂപ.

(2) ആംപല്ലൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള ത്വരിത ശുദ്ധജലവിതരണ പദ്ധതി-269 ലക്ഷം രൂപ

(3) തിരുമാറാടിയും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിപുലീകരണ വിതരണ പദ്ധതി-846 ലക്ഷം രൂപ.

(ഇ) ലഭ്യമാക്കാൻ കഴിയും

(എഫ്) ഇല്ല.

36 (945) **ഇടക്കാട്ടുവയൽ അംപല്ലൂർ-ഉദയംപേരൂർ വാട്ടർ സപ്ലൈ സ്കീം**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട ഇടക്കാട്ടുവയൽ-ആംപല്ലൂർ-ഉദയംപേരൂർ വാട്ടർ സപ്ലൈ സ്കീം എന്നാണ് നിർമ്മാണം ആരംഭിച്ചത്;

(ബി) ഇതിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഏതെല്ലാം തീയതികളിലാണ് നൽകിയത്;

(സി) ഈ പ്രോജക്ടിന്റെ മൊത്തം മതിപ്പ് ചെലവ് എത്രയെന്നാണ് കണക്കാക്കിയിരുന്നത്;

(ഡി) പദ്ധതിയുടെ പണികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇതുവരെ തീർന്ന ജോലികൾ എന്തെല്ലാമാണ്;

(എഫ്) എന്നത്തേയ്ക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly